File No.FWLD-A2/20/2019-FWLD

8634
14/5/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് – നേര്യമംഗലം റെയിഞ്ചിലെ തലക്കോട് ചെക്ക് പോസ്റ്റ് – ഈട്ടി മരം മുറി – സർവ്വശ്രീ.വി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), വി.ടി.ജോൺ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട.), ശ്രീ.കെ.ഇ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട.) എന്നിവർക്കെ തിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.138/2019/വനം** തീയതി,തിരുവനന്തപുരം, 30/03/2019

---

പരാമർശം:- 1 സർക്കാരിന്റെ 11.10.2017-ലെ 374737/എ2/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

2 സർവ്വശ്രീ.വി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), വി.ടി.ജോൺ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട.) എന്നിവർ യഥാക്രമം 24.11.2017, 19.12.2017 തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീ.വി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) 528/2018 നമ്പർ കേസിലെ 13.11.2018-ലെ വിധിന്യായം.

4 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 15.11.2018 തീയതിയിലെ ബി8-19944/2003 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മൂന്നാർ ഡിവിഷനിൽ നേര്യമംഗലം റെയിഞ്ചിലെ നഗരംപാറ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട തലക്കോട് ചെക്ക് പോസ്റ്റിന് സമീപം നിന്നിരുന്ന ഒരു വലിയ ഈട്ടിമരം അനധികൃതമായി മുറിച്ചുകടത്തിയത് തടയുന്നതിൽ

പരാജയപ്പെട്ടതിന് 1 4 ഉദ്യോഗസ്ഥരെ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെന്റ് ചെയ്യുകയും,മേൽ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുകയും അതോടൊപ്പം നടന്നു വരികയായിരുന്ന വിജിലൻസ് അന്വേഷണത്തിനായി ടി റിപ്പോർട്ട് നൽകുകയുമുണ്ടായി. ഇവർക്കെതിരെയുള്ള വിസി.06/08/ഇ.കെ.എം. വിജിലൻസ് കേസിൽ ഭൗതിക തെളിവുകളുടെ (material evidence) അഭാവത്തിൽ വിജിലൻസ് വകുപ്പ് തുടർ നടപടികൾ ഉപേക്ഷിച്ചു (further action dropped). 20.12.2013-ൽ വിജിലൻസ് വകുപ്പ് തുടർ നടപടികൾ ഉപേക്ഷിച്ചുവെന്ന് അറിയിച്ചുവെങ്കിലും വകുപ്പുതല അച്ചടക്ക നടപടികൾ തുടരുകയുണ്ടായി.

2)കുറ്റപത്ര പ്രകാരം സർക്കാർ നഷ്ടം 1,03,099/- രൂപയായിരുന്നു. പിടിച്ചെടുത്ത തൊണ്ടിതടി വിറ്റ വകയിൽ 31,047/- രൂപ ലഭിച്ചതിനാൽ ടി തുക കുറച്ച് 72,052/- രൂപയായി സർക്കാർനഷ്ടം അന്വേഷണാധികാരി നിജപ്പെടുത്തിയിരുന്നു. വിരമിച്ച ജീവനക്കാരായ ശ്രീ.വി.ആർ.അശോക് കുമാറിന് 2,402/- രൂപ ശ്രീ.വി.റ്റി.ജോണിന് 10,808/- രൂപ ശ്രീ.കെ.ഇ.എബ്രഹാമിന് 4,117/- രൂപ വീതവും ആനുപാതിക സർക്കാർ നഷ്ടമായി കണക്കാക്കുകയുണ്ടായി. ശ്രീ.അശോക് കുമാറിന്റെയും ശ്രീ.കെ.ഇ.എബ്രഹാമിന്റെയും പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതവും ശ്രീ.വി.റ്റി.ജോണിന്റെ പെൻഷനിൽ നിന്നും 300/- രൂപ വീതവും മൂന്നു വർഷത്തേയ്ക്ക് കുറവുചെയ്യാനായി താൽക്കാലിക തീരുമാനമെടുത്ത് പരാമർശം(1) പ്രകാരം ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന്മേൽ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ വകുപ്പിന്റെ അഭിപ്രായം പരാമർശം (4) പ്രകാരം സമർപ്പിക്കുകയുമുണ്ടായി.

3)ഡി.സി.ആർ.ജി. വിതരണം ചെയ്യാത്തതിനെതിരെ ശ്രീ.അശോക് കുമാർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒരു കേസ് ഫയൽ ചെയ്യുകയും കാരണം കാണിക്കൽ നോട്ടീസിനു ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക പരിഗണിച്ച് പരാതിക്കാരനെ നേരിൽ കേട്ട് വിഷയം തീർപ്പാക്കാൻ പരാമർശം ( 3 ) പ്രകാരം വിധിയാവുകയുമുണ്ടായി. നേരിൽകേൾക്കുന്നതിനായി ശ്രീ.വി.ആർ.അശോക് കുമാറും ശ്രീ.കെ.ഇ.എബ്രഹാമും ഹാജരായിരുന്നു. ശ്രീ.വി.റ്റി.ജോൺ 26.12.2018-ൽ ഉണ്ടായ ഒരു വാഹനാപകടത്തെ തുടർന്ന് ആശുപത്രിയിലായതിനാൽ വരാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിരുന്നു. സർവ്വശ്രീ.വി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ്

ഓഫീസർ (റിട്ട.), കെ.ഇ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട.) എന്നിവരുടെ നേരിൽ കേട്ട വേളയിലെ വാദം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

4)വനം വകുപ്പിൽ നടത്തിയ ഔപചാരിക അന്വേഷണത്തിന്റെ റിപ്പോർട്ടും കൂടി പരിശോധിച്ച ശേഷമാണ് വിജിലൻസ് കേസ് 2013-ൽ തീർപ്പാക്കിയത് എന്നത് കണക്കിലെടുക്കാതെയാണ് വകുപ്പുതല നടപടി തുടർന്നു വന്നത്. കുറ്റപത്ര പ്രകാരം സർക്കാർ നഷ്ടം 1,03,099/- രൂപയായിരുന്നു. തൊണ്ടി തടികളിൽ ഒരു കഷ്ണമാണ് ശരിക്കും നഷ്ടപ്പെട്ടിട്ടുള്ളത്. തിരികെ ലഭിച്ച മറ്റ് കഷ്ണം തടികൾ അഥവാ ബാക്കി 4 തടി കഷ്ണങ്ങൾ വിറ്റ വകയിൽ 31,047/- രൂപ ലഭിച്ചതായാണ് അറിയിച്ചിട്ടുള്ളത്. അതായതു സർക്കാർ നഷ്ടം കണക്കാക്കിയത് തെറ്റായാണ്. ശ്രീ.അശോക് കുമാർ കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡിൽ റെയിഞ്ചറായി ജോലി നോക്കിവരവെയായിരുന്നു അച്ചടക്ക നടപടിക്കാധാരമായ സംഭവം നടന്നത്. റിസർവ്വ് വനത്തിന്റെ സംരക്ഷണ ചുമതല ടേറിട്ടോറിയൽ സ്റ്റാഫിനാണ്. ഈട്ടിമരം അനധികൃതമായി മുറിച്ചുമാറ്റിയതിനെതിരെ കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചോഫീസറായിരുന്ന ടിയാൻ 7SR/10/2003 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും തൊണ്ടിമുതലും (നഷ്ടപ്പെട്ട തടി) വാഹനവും പ്രതികളേയും കസ്റ്റഡിയിലെടുത്ത് ടെറിട്ടോറിയൽ റെയിഞ്ചിലേയ്ക്ക് കൈമാറുകയുണ്ടായി. 2013-ൽ വിജിലൻസ് കേസ് തീർപ്പാക്കിയെങ്കിലും സമയ ബന്ധിതമായി തുടർ നടപടി സ്വീകരിക്കാത്തതിനാൽ കുറ്റാരോപിതർക്ക് കഷ്ട നഷ്ടങ്ങൾ ഉണ്ടായി. വിരമിക്കൽ എന്ന പ്രക്രിയ തന്നെ സാമ്പത്തിക സ്ഥിതിയിൽ സമൂലമായ മാറ്റം വരുത്തുന്ന അവസ്ഥയിൽ, കിട്ടേണ്ട ആനുകൂല്യങ്ങൾ സമയത്ത് ലഭിക്കാതിരിക്കുക എന്നത് തികച്ചും ദയനീയമാണ്.

5)വകുപ്പിന്റെ ഔപചാരിക അന്വേഷണ റിപ്പോർട്ടു പരിശോധിച്ച ശേഷമാണ് വിജിലൻസ് വകുപ്പ് ഈ കേസ് തീർപ്പാക്കിയത് എന്നതിൽ നിന്നും ശ്രീ.അശോക് കുമാറിന്റേയും ശ്രീ.കെ.ഇ.എബ്രഹാമിന്റേയും ശ്രീ.വി.റ്റി.ജോണിന്റെയും നിരപരാധിത്വം വ്യക്തമാണ്. മേൽ സാഹചര്യത്തിൽ സർവ്വശ്രീ.വി.ആർ.അശോക് കുമാർ, ശ്രീ.വി.റ്റി.ജോൺ, ശ്രീ.കെ.ഇ.എബ്രഹാം എന്നിവരെ ഈ കേസിൽ പൂർണ്ണമായും

കുറ്റവിമുക്തരാക്കിയും സസ്പെൻഷൻ കാലഘട്ടം എല്ലാ ആനുകൂല്യത്തോടെയുള്ള ഡ്യൂട്ടിയായി പരിഗണിച്ചും അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു. സ്വീകരിച്ച നടപടിയെക്കുറിച്ചുള്ള സമഗ്രമായ ഒരു റിപ്പോർട്ട് ഈ ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

6)ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.11.2018-ലെ വിധിന്യായം പൂർണ്ണമായും നടപ്പിലാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വി.ആർ.അശോക് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

ശ്രീ.വി.ടി.ജോൺ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട.)

കെ.ഇ.എബ്രഹാം, ഫോറസ്റ്റ് ഗാർഡ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ , തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.04.01 10:58:57 IST
Reason: Approved
സെക്ഷൻ ഓഫീസർ